(ഡി) അവ സ്വകാര്യ മേഖലയിലാണോ സഹകരണ മേഖലയിലാണോ സ്ഥാപിക്കുന്നത് ; എന്തെല്ലാം സഹായങ്ങൾ അവയ്ക്ക് നൽകുവാൻ ഉദ്ദേശിക്കുന്നു എന്നറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വകാര്യ മേഖലയിൽ പൊതുവായി തുടങ്ങുവാനുദ്ദേശിക്കുന്ന 23 ഡീഫൈബറിംഗ് മില്ലുകൾക്ക് രജിസ്ട്രേഷൻ നൽകിക്കഴിഞ്ഞു.

(സി) കയർ റെറ്റിംഗ് സൗകര്യമില്ലാത്ത മേഖലകളിലാണ് ഇവ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) സഹകരണ മേഖലയിൽ ICDP പ്രകാരം 56 ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിന് സർക്കാർ നേരത്തേ അനുമതി നൽകിയിട്ടുണ്ട്. ഇതിനുപുറമേ സ്വകാര്യ മേഖലയിൽ സ്ഥാപിക്കുന്ന ഓരോ യന്ത്രവൽകൃത ചകിരി മില്ലിനും അവയുടെ സ്ഥിര നിക്ഷേപ മൂലധനത്തിന്റെ 50 ശതമാനം പരമാവധി 10 ലക്ഷം രൂപ വരെ പ്രത്യേക സബ്സിഡിയായി നൽകുന്നു.

(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

ഗുരുവായൂർ ക്ഷേത്രത്തിന് സമർപ്പിക്കപ്പെടുന്ന വഴിപാടുകളുടെ വില നിർണ്ണയിക്കാനുള്ള അധികാരം

85 [1158] ശ്രീമതി മാലേത്ത് സരളാദേവി:

ശ്രീ ടി. എൻ. പ്രതാപൻ:

,, ഡി. സുഗതൻ:

ശ്രീമതി ശോഭനാ ജോർജ്ജ്:

ശ്രീ എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ക്ഷേത്രത്തിന് സമർപ്പിക്കപ്പെടുന്ന വഴിപാടുകൾ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾക്ക് പരിശോധിക്കുവാനും അവയുടെ വില നിർണ്ണയിക്കുവാനുമുള്ള അധികാരമുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അധികാരം നൽകുന്ന നിയമവ്യവസ്ഥ എന്തെന്ന് വെളിപ്പെടുത്താമോ;

(സി) ഗുരുവായൂരപ്പന് സമർപ്പിക്കുന്ന വഴിപാടുകൾ പരിശോധിച്ച് മൂല്യനിർണ്ണയം നടത്തുന്നത് സംബന്ധിച്ച് ദേവപ്രശ്നം നടത്തിയിട്ടുണ്ടോ;

(ഡി) അപ്രകാരം ദേവപ്രശ്നം നടത്താതെ വഴിപാടുകൾ പരിശോധിക്കാനനുവദിക്കുന്നതിന്റെ അടിസ്ഥാനമെന്തെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ ആന്റ് ബി) ഗുരുവായൂർ ക്ഷേത്രത്തിൽ സമർപ്പിക്കപ്പെടുന്ന വഴിപാടുകൾ പരിശോധിക്കുവാൻ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾക്ക് അധികാരമില്ല. 1978-ലെ ഗുരുവായൂർ ദേവസ്വം ആക്റ്റ് സെക്ഷൻ 10(സി) സെക്ഷൻ 28 എന്നിവ പ്രകാരവും 1980-ലെ ഗുരുവായൂർ ദേവസ്വം റൂൾസിലെ റൂൾ 12 പ്രകാരവും ഗുരുവായൂർ ദേവസ്വത്തിന്റെ വിലപിടിച്ച വസ്തുക്കളുടെ സൂക്ഷിപ്പും പരിപാലനവും ഗുരുവായൂർ ദേവസ്വം ഭരണസമിതിയുടെ മാത്രം ചുമതലയിൽപ്പെട്ടതാണ്.

(സി ആന്റ് ഡി) ദേവപ്രശ്നം നടത്തിയിട്ടില്ല. വഴിപാടുകൾ പരിശോധിക്കാനനുവദിക്കുന്ന കാര്യത്തിൽ ഗുരുവായൂർ ദേവസ്വം ഭരണസമിതി അന്തിമ തീരുമാനമെടുത്തിട്ടില്ല. ഇക്കാര്യത്തിൽ സർക്കാരിൽ നിന്നും നിർദ്ദേശം തേടിയിരിക്കുകയാണ്. അമ്പലങ്ങളിൽ സമർപ്പിക്കപ്പെടുന്ന വഴിപാടുകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നതിനോട് ഗവൺമെന്റിന് തത്വത്തിൽ യോജിപ്പില്ല. ഈ പ്രശ്നത്തിന്റെ വിശദാംശങ്ങൾ പരിശോധിച്ചുവരികയാണ്.

നെൽകൃഷി സംരക്ഷിക്കുന്നതിന് പദ്ധതി

86 [1163] ശ്രീ ബിനോയ് വിശ്വം:

„ മാങ്കോട് രാധാകൃഷ്ണൻ:

„ പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷി സംരക്ഷിക്കുന്നതിന് ഇപ്പോൾ എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്;

(ബി) സംസ്ഥാനത്ത് ഇപ്പോഴുള്ള നെൽവയലുകളുടെ മൊത്തം വിസ്തൃതി എത്ര;

(സി) കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ സംസ്ഥാനത്ത് നികത്തിയ നെൽവയലുകളുടെ വിസ്തൃതി എത്രയായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിലുള്ള നെൽപ്പാടങ്ങൾ സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) നെൽകൃഷി വികസനത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു. അവയിൽ പ്രധാനപ്പെട്ടവ താഴെപ്പറയുന്നവയാണ്.

1. സംസ്ഥാനാവിഷ്കൃത നെൽകൃഷി വികസന പദ്ധതി പ്രകാരം 2004-2005 വർഷത്തിൽ 1080 ലക്ഷം രൂപയ്ക്കും കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം 800 ലക്ഷം രൂപയ്ക്കും ഉള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly